# ശ്രീകൃഷ്ണവിലാസം

# എൽ.പി.സ്കൂൾ

## എടക്കളത്തൂർ



2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

എസ്.കെ.വി.എൽ.പി.സ്ക്കൂൾ

എടക്കളത്തൂർ

2025-2026

# സമഗ്ര ഗുണമേന്മ
# വിദ്യാലയ
# വികസന പദ്ധതി

| | |
|---|---|
| വാർഡ് | : 1 |
| പഞ്ചായത്ത് | : തോളൂർ |
| ബി.ആർ.സി. | : പുഴയ്ക്കൽ |
| വിദ്യാഭ്യാസ ഉപജില്ല | : തൃശൂർ വെസ്റ്റ് |
| നിയോജകമണ്ഡലം | : വടക്കാഞ്ചേരി |
| പാർലമെന്റ് | : ആലത്തൂർ |

# ആമുഖം - 1

1916 മെയ് (1092 ഇടവം 23) തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്ത് 1-ാം വാർഡിൽ ശ്രീകൃഷ്ണവിലാസം എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നു. ഇപ്പോൾ 150 നടുത്ത് വിദ്യാർത്ഥികൾ പഠിയ്ക്കുന്ന വിദ്യാലയത്തിൽ 6 അധ്യാപകരാണ് ഇപ്പോൾ നിലവിലുള്ളത്. സാമ്പത്തികമായി പിന്നോക്ക നിലവാരത്തിലുള്ള കുട്ടികളാണ് ഈ വിദ്യാലയത്തിൽ കൂടുതലും ഉള്ളത്. 28 അംഗങ്ങളുള്ള പി.ടി.എ കമ്മിറ്റിയും നിലവിലു ണ്ട്. 2016-17 ശതാബ്ദി വർഷമായിരുന്നു. ഈ വിദ്യാലയത്തിൽ കമ്പ്യൂട്ടർ ലാബും, ഭോജനശാല, ലൈബ്രറി റൂം, ഗണിത ലാബ്, ശാസ്ത്രലാബ് എന്നിവയുടെ കുറവ് അനുഭവപ്പെട്ടുവരുന്നു. 6 അധ്യാപകരാണ് ഈ വിദ്യാലയത്തിലുള്ളത്. കായിക അധ്യാപകരോ സംഗീത അധ്യാപകരോ ഇല്ല. പോസ്റ്റോഫീസ്, ദേശീയ വായനശാല, ഹോമിയോ ഡിസ്പെൻസറി എന്നിവ വിദ്യാലയത്തിനടുത്ത് സ്ഥിതിചെയ്യുന്നുണ്ട്. പ്രമുഖരായ പല വ്യക്തികളും ഇവിടത്തെ പൂർവ്വവിദ്യാർത്ഥികളാണ്. നിരവധി കാലാകാരൻമാരേയും സാമൂഹ്യ നേതാക്കൻമാരേയും വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ചാർട്ടേഡ് അക്കൗണ്ടന്റ് , ഡോക്ടേഴ്സ്, എഞ്ചിനീയർമാർ, പഞ്ചായത്ത് പ്രസിഡന്റ് എന്നീ തുറകളിൽ സേവനമനുഷ്ഠിക്കുന്നവർ ഈ വിദ്യാലയത്തിന്റെ സന്തതികളാണ്. കഴിഞ്ഞ നിരവധി വർഷങ്ങളിൽ എൽ.എസ്.എസ്. കോളർഷിപ്പ് പരീക്ഷയിൽ വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ലഘു പരീക്ഷണങ്ങളിൽ ജില്ലാതലത്തിൽ മികവുപുലർത്താൻ കഴിഞ്ഞിട്ടുണ്ട്. കലാമത്സരങ്ങൾ, പ്രവൃത്തിപരിചയമേളകൾ എന്നിവയിലും ജില്ലാതലത്തിൽ നിരവധി സമ്മാനങ്ങൾ ഈ വിദ്യാലയം നേടിയിട്ടുണ്ട്.

ഒരേക്കർ ഭൂവിസ്തൃതിയുള്ള ഈ വിദ്യാലയത്തിൽ വിശാലമായ കളിസ്ഥലവും ഉണ്ട്. എല്ലാ വർഷവും ജൈവപച്ചക്കറികൃഷി ചെയ്യുന്നു. ആ വിഭവങ്ങൾ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. നാട്ടുകാരുടെയും സാമൂഹ്യപ്രവർത്തകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സേവനം ഈ വിദ്യാലയത്തിന് എപ്പോഴും ലഭിച്ചുവരുന്നു.

## ലക്ഷ്യങ്ങൾ

1. ഒന്നുമുതൽ നാലാക്ലാസുവരെയുള്ള കുട്ടികൾക്ക് മലയാള അക്ഷരങ്ങൾ, വാക്കുകൾ, വാചകങ്ങൾ എഴുതുവാനും ഗ്രഹിക്കുവാനും ആവശ്യമായവ ഒരുക്കുന്നു.
2. പൊതുവിജ്ഞാനം വർദ്ധിപ്പിക്കും
3. ആംഗലേയഭാഷയിലൂടെയുള്ള വിനിമയം,
4. കവികളെയും കവിതകളെയും പരിചയപ്പെടുത്തും.
5. 5.ജൈവവൈവിധ്യ പാർക്ക് - പ്ലാസ്റ്റിക് രഹിത വിദ്യാലയം
6. ICT അധിഷ്ഠിതം
7. ശിശുസൗഹൃദ വിദ്യാലയം
8. വായനാശീലം വളർത്തും
9. സമഗ്രപോഷകാഹാര പരിപാടി
10. ഗണിതാഭിരുചി വർദ്ധിപ്പിക്കും.
11. കായികക്ഷമത വർദ്ധിപ്പിക്കും.

## വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ബാഗമായി മികവാർന്ന വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ.

1. വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തും.
2. വായനാകോർണർ, വായനാപ്രവർത്തനം എന്നിവ സജീവമാക്കും.
3. ഐടി അധിഷ്ഠിത പഠനത്തിന് അനുകൂലസാഹചര്യം സൃഷ്ടിക്കും.
4. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കും
5. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കും.
6. വിവേചനരഹിത വിദ്യാലയം, അവകാശാധിഷ്ഠിത വിദ്യാലയം.
7. പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും.

8. പോഷകാഹാരം ഉറപ്പാക്കും.

## വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

ജില്ലാതല കായികമത്സരങ്ങളിൽ 2004-05, 2009-2010 തുടങ്ങിയ വർഷങ്ങളിൽ മെച്ചപ്പെട്ട വിജയം കൈവരിച്ചു.ജില്ലാതല കലോത്സവങ്ങളിൽ 2014-2015, 2012-2013 തുട ങ്ങിയ വർഷങ്ങളിൽ മികച്ച വിജയം നേടി. എൽ.എസ്.എസ്.പരീക്ഷയിൽ 2007-08, 2008-09, 2009-10, 2010-2011, 2012-13, 2013-2014, 2018-2019, 2019-2020 എന്നീ വർഷങ്ങ ളിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും നിരവധിപേർ സ്കോളർഷിപ്പിനർഹരായിട്ടുണ്ട്. 2018-19 ൽ ഘടട കോളർഷിപ്പിൽ 100% വിജയം ഈ വിദ്യാലയം നേടിയെടുത്തു. 2019-2020, 2021-2022 വർഷങ്ങളിൽ പി.ടി.എ.യുടെ സഹകരണത്തോടെ നടത്തിയ കൃഷിയിൽ വമ്പിച്ച നേട്ടം കൈവരിച്ചു. 2019-20 ജില്ലാതലത്തിൽ കൃഷിയ്ക്ക് രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. 2016-2017 ൽ ശതാബ്ദിയോടനുബന്ധിച്ച് നാട്ടുകാരുടെ പിന്തുണയോടെ സ്കൂളിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തി. ജില്ലയിലെ വിദ്യാലയങ്ങൾക്കായി സംഘടിപ്പിച്ച ചിരിത്രാന്വേഷണ പ്രോജക്ട് മത്സരത്തിൽ മികച്ച നിലവാരം പുലർത്തിയ അഞ്ച് പ്രോജക്ടുകളിൽ ഒന്നായി നമ്മുടെ പ്രോജക്ട് തെരഞ്ഞെടുക്കപ്പെട്ടു.

# ചരിത്രം

തൃശൂർ ജില്ലയുടെ പടിഞ്ഞാറുഭാഗത്തായി തോളൂർ ഗ്രാമപഞ്ചായത്ത്. അതിൽ പറപ്പൂരിനും കൈപ്പറമ്പിനും ഇടയിലായി എടക്കളത്തൂർ ഗ്രാമം സ്ഥിതിചെയ്യുന്നു. എടക്കളത്തൂരിന്റെ പടിഞ്ഞാറുഭാഗത്തായി കേച്ചേരിപ്പുഴ ഒഴുകുന്നു. ചുറ്റും വയലുകൾ നിറഞ്ഞിരിക്കുന്നു. ഈ ഗ്രാമത്തിൽ ഇടയ്ക്കിടക്ക് കുളങ്ങൾ ഉള്ളതിനാൽ ഈ ഗ്രാമം എടക്കളത്തൂർ എന്ന പേരിൽ അറിയപ്പെടുന്നു. ഈ പ്രദേശത്ത് അധികവും നെൽകൃഷി, വാഴകൃഷി, തെങ്ങുകൃഷി എന്നീ കൃഷികളാണുള്ളത്. ക്രിസ്ത്യൻ ഹിന്ദു കുടുംബങ്ങളാണ് ഇവിടെ അധികവും. ക്ഷേത്രങ്ങളും പള്ളികളും ഹെൽത്ത് സെന്റർ , ഹോമിയോ ഡിസ്പെൻസറി, മൃഗാശുപത്രി, പോസ്റ്റോഫീസ്, ദേശീയ വായനശാല എന്നീ സ്ഥാപനങ്ങളും ഈ ഗ്രാമത്തിലുണ്ട്. കൊല്ലൻ, ആശാരി, കരിവാൻ, പണിക്കർ, എന്നീ വിഭാഗത്തിൽപ്പെട്ടവരും ഈ ഗ്രാമത്തിൽ താമസിക്കുന്നു. മുസ്ലീം വിഭാഗക്കാർ ഇവിടെ താമസിക്കുന്നില്ല. എടക്കളത്തൂർ ഗ്രാമത്തിലെ ശിവദുർഗ്ഗാക്ഷേത്രത്തിലെ ആറാട്ട് മഹോത്സവം ഏപ്രിൽ മെയ് മാസങ്ങളിൽ ആഘോഷിക്കുന്നു. ചക്കപ്പൂരമായി ഇതറിയപ്പെടുന്നു.

ക്ഷേത്രത്തിനടുത്തായി ശ്രീകൃഷ്ണവിലാസം എൽവികൾ സ്ഥിതി ചെയ്യു ന്നു. ഇവിടത്തെ പ്രമാണിയായിരുന്ന പുളിഞ്ചേരി കായം പുള്ളി ഇക്കണ്ടൻ നായരുടെ നേതൃത്വത്തിൽ ഈ പ്രദേശത്തെ കുട്ടികളുടെ പഠനസൗകര്യാർത്ഥം 1092 ഇടവം (1916 മെയ് 23-ാം തിയ്യതി 4 ക്ലാസ്സ് മുറികളിലായി വിദ്യാലയം ആരംഭിച്ചു. കെട്ടിടത്തിന്റെ നാരായണൻ നമ്പീശനിൽ നിന്നും ഉറപ്പില്ലായ്മ കാരണം കിഴക്കേ പുഷ്പകത്ത്

സ്ഥലം വാങ്ങി ഇന്ന് വിദ്യാലയം സ്ഥിചെയ്യുന്ന സ്ഥലത്ത് ക്ലാസ്മേറികൾ പണിതു. വിദ്യാലയം പണിയുന്ന അവസരത്തിൽ മേൽക്കൂരയ്ക്കാവശ്യമായ മരങ്ങൾ ആരും നൽകാൻ തയ്യാറായില്ല. ആ സന്ദർഭത്തിൽ 1942 ലുണ്ടായ കൊടുങ്കാറ്റിൽ ആ ഗ്രാമ ത്തിലെ മരങ്ങളെല്ലാം കടപുഴകി വീഴുകയുണ്ടായി. ഗ്രാമവാസികൾ നൽകുകയും ആ മരങ്ങൾ കൊണ്ട് കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തു. 23 വർഷത്തിനുശേഷം 4 ക്ലാസ് മുറികളോ ടെ ശ്രീകൃഷ്ണവിലാസം എൽ.പി.സ്കൂൾ

എന്ന പേരിൽ വിദ്യാലയം നിലവിൽ വന്നു. ആ കാലഘട്ടങ്ങളിലെ ശമ്പളം 12 ക ആയിരുന്നു. അതിലൊരുഭാഗം സ്ക്കൂൾ നിർമ്മാണത്തിനുപയോഗിച്ചുപോന്നു. ചിത്രം വര, തുന്നൽ,സംഗീതം എന്നിവ പഠിപ്പിച്ചിരുന്നു. സ്പെഷലിസ്റ്റ് അധ്യാപകരുണ്ടായിരു

അന്ന് അധ്യാപകരുടെ റിട്ടയർമെന്റ് വർഷങ്ങളിൽ മാത്രമാണ് വാർഷികാ ഘോഷം നടന്നിരുന്നുള്ളൂ പിന്നീട് ഓരോ വർഷവും വാർഷിക ആഘോഷം നടത്തി പോരുന്നു. ഇപ്പോൾ കമ്പ്യൂട്ടർ റും ആയി

ഉപയോഗിക്കുന്നതിന്റെ ഒരു ഭാഗം സ്റ്റേജി 322 392 പണിയുകയും അമ്പലപറമ്പിലിരുന്ന് പരിപാടികൾ വീക്ഷിക്കുകയും ചെയ്തുപോന്നു. അന്നത്തെ വാർഷിക പരിപാടികളിൽ കഥകളി, ഓട്ടൻതുള്ളൽ എന്നീ കലാരൂപങ്ങൾ അവതരിപ്പിച്ചുപോന്നിരുന്നു. കഥകളി ആശാൻമാരെ വിളിച്ചു വരുത്തി എടക്കളത്തൂരിലുള്ള മനയിൽ കുട്ടികളെ കഥകളി പഠിപ്പിച്ചിരുന്നു.

1950 ൽ ഈ വിദ്യാലയത്തിൽ നാലര ക്ലാസുണ്ടായിരുന്നതായി പറയുന്നു. പിന്നീട് അത് അഞ്ചാംക്ലാസ്സായി മാറുകയും ചെയ്തു. ഈ ക്ലാസിൽ ഇംഗ്ലീഷ് പഠനവും ആരംഭിച്ചു. കുറച്ചുവർഷങ്ങൾക്കുശേഷം അത് നിർത്തലാക്കി.

വിദ്യാലയ സ്ഥാപകനായിരുന്ന കെ.രാമൻ നമ്പീശൻ പ്രധാനാധ്യാപകനായി രുന്ന കാലത്ത് വിദ്യാഭ്യാസ ഓഫീസ് കുന്നംകുളത്തായിരുന്നു. അന്നത്തെ ഓഫീസർ വിസിറ്റിനു വരുമ്പോൾ മഞ്ഞപ്പട്ടു ചുറ്റിയ ഒരു പ്യൂണും ഉണ്ടായിരുന്നതായി കേട്ടിട്ടു ണ്ട്. അധ്യാപകരാകുവാൻ എസ്.എസ്.എൽ.സി പാസായവരെ അന്വേഷിച്ചിരുന്നു. പിന്നീട് ട്രയിനിങ്ങിന് അയയ്ക്കുകയും ചെയ്തുപോന്നു. സ്റ്റാഫ് മാനേജ്മെന്റായ ഈ വിദ്യാലയത്തിൽ പുതിയ അധ്യാപർ വരുമ്പോൾ ഓരോ ക്ലാസ് മുറികൾ വീതം പണി തുപോന്നു, ഇപ്പോൾ 8 ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും ഉണ്ട്. 2016-17 വർഷം ശതാബ്ദി വർഷമായിരുന്നു. എടക്കളത്തൂരിലെ നാട്ടുകാരും പൂർവ്വവിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും പൂർവ്വ അധ്യാപകരും ഒത്തൊരുമിച്ച് എല്ലാ ക്ലാസിലും ടൈൽസ് വിരിക്കുകയും മുറ്റം ടൈൽ ഇടുകയുമുണ്ടായി. മുൻഭാഗം മതിലും എല്ലാ മുറികളിലും ഫാൻ, ട്യൂബ് ലൈറ്റ് എന്നിവ കൊണ്ട് സജ്ജീകരിക്കുകയും ചെയ്തു. ഓഫീസറും പുതുക്കിപണിതു. കിഡ്സ്റ്റ്, അധ്യാപക രക്ഷാകർത്തൃദിനം, പൂർവ്വവിദ്യാർത്ഥി സംഗമം, സ്ഥാപനനേതാക്കളെ അനുസ്മരിക്കൽ, പൂർവ്വ വിദ്യാർത്ഥികളെ ആദരിയ്ക്കൽ തുടങ്ങിയ അഞ്ചുദിവസത്തെ ആഘോഷപരിപാടികളും നടത്തിയിരുന്നു.

സ്മാർട്ട് ക്ലാസ്റൂമുകൾ, കമ്പ്യൂട്ടർ ലാബ്, ഗണിതലാബ്, സയൻസ് ലാബ്, ഭോജനശാല എന്നിവയുടെ അപര്യാപ്തത വിദ്യാലയത്തിന്റെ പരമിതികളാണ്. 2010-2011 വർഷങ്ങളിൽ പ്രീപ്രൈമറി ആരംഭിച്ചു. അപ്പോൾ ഈ വിദ്യാലയത്തിൽ 185 ഓളം കുട്ടികൾ ഉണ്ടായിരുന്നു. പ്രീ പ്രൈമറി ഉൾപ്പെടെ - 200

2022-23 അധ്യായനവർഷം പ്രീപ്രൈമറി ഉൾപ്പെടെ 185 ഓളം കുട്ടികൾ പഠിച്ചു. 2023-24 അധ്യയനവർഷം പ്രീപ്രൈമറി ഉൾപ്പെടെ 190 ഓളം കുട്ടികൾ പഠിക്കുന്നു. ക്ലാസ്സ് മുറികൾ ഗ്രില്ലിട്ട്, ജനലുകൾ ഇരുമ്പുപട്ടയിട്ടും അടച്ചുറപ്പാക്കി. പി.ടി.എ സ്കൂൾ ചുമരുകൾ ചിത്രം വരച്ച് മനോഹരമാക്കി.

# 2025-2026 അധ്യയനവർഷത്തെ കമ്മിറ്റി അംഗങ്ങൾ

## പി.ടി.എ കമ്മിറ്റിയംഗങ്ങൾ

1. അജിതൻ ടി.കെ (പ്രസിഡന്റ്)
2. ജസ്റ്റിൻ (വൈസ് പ്രസിഡന്റ് )
3. സജിനി ടി.വി (മാതൃസംഘം പ്രസിഡന്റ് )
4. നവീഷ് എ.എൻ
5. സനിത സുധീർ
6. തനൂജ്
7. സിൽജ
8. ദിവ്യ വിനോദ്
9. മേരി ജോഷി
10. സന്ധ്യ
11. ലിജി

ഈ അംഗങ്ങളിൽ നിന്നും ഉച്ചഭക്ഷണ കമ്മിറ്റി, വിദ്യാലയ വികസനസമിതി എന്നി വയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുത്തു.

# അധ്യാപകർ

- എം.ജെ സിന്ധു (എച്ച്.എം)
- ജോസി കുര്യൻ സി
- വി.എ പ്രിസി
- ശുഭ ആന്റണി സി
- പ്രഭ ആന്റണി സി
- ആര്യ ഗോപകുമാർ പി

## പദ്ധതി രൂപീകരണപ്രക്രിയ

1. സമഗ്രവിദ്യാലയ വികസനരൂപീകരണത്തിനുവേണ്ടി എസ്.ആർ.ജി യോഗ ത്തിൽ രൂപരേഖ തയ്യാറാക്കി.
2. അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ വികസാനവശ്യങ്ങൾ ക്ലാസ് വിഷയതലം, ഭൗതീകം, അക്കാദമികം, സാമൂഹികം, കരട് എഴുതി തയ്യാറാക്കി.
3. എസ് എസ് എ എസ് എം സി, എഞ്ചിനീയർമാർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ സ്കെച്ച്, സെറ്റാ പ്ലാൻ ഇവ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ശില്പശാലയിൽ ഉണ്ടായി.
4. ഗ്രൂപ്പ് തിരിഞ്ഞ് നിശ്ചിത ഫോർമാറ്റിൽ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതുന്നു .
5. വിദ്യാലയ വികസനരേഖ പൊതുചർച്ചയ്ക്കായി അവതരിപ്പിച്ചു.
6. പദ്ധതി നടത്തിപ്പിനായി നാമ്പത്തിക സമാഹരണത്തിന്റെ തുടക്കം കുറിക്കുന്നു.
7. പൊതുചടങ്ങിൽ വെച്ച് വിദ്യാലയ വികസനരേഖ പ്രകാശനം ചെയ്യുന്നു.

# Total Number of Students 2025-26

| STD | All Communities | | | SC | | | OBC | | |
|---|---|---|---|---|---|---|---|---|---|
| | Boy | Girl | Total | Boy | Girl | Total | Boy | Girl | Total |
| I | 7 | 19 | 26 | - | 2 | 2 | 5 | 7 | 12 |
| II | 20 | 14 | 34 | 6 | 4 | 10 | 9 | 0 | 9 |
| III | 9 | 11 | 20 | 2 | 3 | 5 | 1 | 3 | 4 |
| IV | 19 | 16 | 35 | 1 | 3 | 4 | 11 | 7 | 18 |
| Total | | | 115 | | | | | | |

# അക്കാദമിക പ്ലാൻ - Short Term-Malayalam

| Sl. No | Programme | Activity | Duration | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ്<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥപറയൽ<br>10. ചിത്രം- കഥ എഴുതൽ<br>11. കഥ-ബാക്കി എഴുതൽ<br>12.കഥാപുസ്തകം നൽകൽ<br>13.CD ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 10 ദിവസം | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT<br>PTA<br>BRC<br>IED<br>Trainer<br>PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക.(വായന ക്കൂട്ടം) | 1. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3.വായനോത്സവം, രചനോ | 10 ദിവസം | സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല | BRC<br>DIET<br>SCERT |

| | | | | | |
|---|---|---|---|---|---|
| | | ത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. വായനാനുഭവം പങ്കുവെക്കൽ<br>6.വായനാക്കുറിപ്പ് പതിപ്പ്.<br>7.വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>ക്ലാസ് സഭ.<br>8.സ്കൂൾ സഭ, ബാലസഭ.<br>9.ദിനാചരണങ്ങൾ | | പത്രങ്ങൾ | ഗ്രന്ഥശാല<br>PTA |
| | | 10.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>11.ആസ്വാദകരമായ വായന. | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | |
| | | 12.വായനാ സാമഗ്രികൾ വികസിപ്പിക്കൽ | | വായനാമൂറി | BRC |
| | | 13.ഇ-വായന<br>14.പുസ്തകം ഒരുക്കൽ<br>15.പാട്ടരങ്ങ്.<br>16.റീഡേഴ്സ് തീയേറ്റർ.<br>17.സംയുക്ത ഡയറി.<br>18.സചിത്ര പുസ്തകം.<br>19.സർഗാത്മക ഡയറി.<br>20.രചനാപരിചയ കുറിപ്പ്<br>21.പുസ്തക മരം | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |

**1. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

**2. ചിത്രം അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ

**3. കഥ ബാക്കി പറയൽ എഴുതൽ**

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

**4. സി.ഡി. പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയാനവസരം എഴുതാനവസരം.

**5. ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് ഐ.ഇ.ഡി. അധ്യാപകരുടെ

സേവനം

**6. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ .. .വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

**7. വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളിടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാ വരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കു റിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിച

യപ്പെടുത്തൽ, വായിച്ച കൃതിക ളുടെ രംഗാവിഷ്ക്കാരം, പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

**8. വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടി ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം,

**9. രചനോത്സവം (സംയുക്ത ഡയറി)**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗ വുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിച യപ്പെടുത്താനവസരം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാ രന്മാരെ ക്ഷണിക്കൽ.

**10. വായനാസാമഗ്രികൾ വികസിപ്പിക്കൽ**

കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടിക ളുടെയും, രക്ഷി താക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാ പകരുടെയും പങ്കാളിത്ത മുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചന കൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

**11. ഇ.വായന സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാ നുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ,

**12. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

**13. പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളുടെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി,
സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു.
അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം,
യോഗങ്ങൾ സംഘടിപ്പിക്കൽ.

**14 വ്യക്തിഗത രചന.**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

**15. ഭാഷാ പ്രോജക്റ്റുകൾ**

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്റ്റുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

**16. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കാൻ പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

**17. സാഹിത്യ സാംസ്കാരിക ചിത്രശാലരി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത ക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ (ഗണിതം) | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കും. | സംഖ്യാഗാനം, സംഖ്യ ചിത്രം, സംഖ്യാറിബൺ, സ്ഥാന വില, പോക്കറ്റ്, വലുത്, ചെറുത്, ഒറ്റ ഇരട്ട കളി, അബാക്കസ്, സംഖ്യാരൂപീകരണം. | 6 മാസം | ഐ.സി.ടി ഗണിതകിറ്റ് | CRC<br>BRC<br>DIET<br>PTA<br>ജനപ്രതിനിധി<br>Member<br>Teachers<br>SSG<br>OSA<br>SSA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കും, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹരിക്കുന്നതിനുള്ള കഴിവ് നേടും. | മൂർത്തവസ്തുക്കളുപയോഗിച്ചുള്ള സംഖ്യാവ്യവകലനം, ഗുണനം, ഹരണം, ചിഹ്നം ചേർത്തെഴുതൽ ഗുണനപട്ടിക രൂപീകരണം, കൂട്ടുകാരെ കണ്ടെത്തൽ, വ്യത്യസ്ത രീതിയിൽ എഴുതൽ, രണ്ടക്കം : ഒരക്കം, രണ്ടക്കം : രണ്ടക്കം, മൂന്നക്കം : ഒരക്കം, മൂന്നക്കം : രണ്ടക്കം, നാലക്കം: ര ണ്ടക്കം എന്നിവയുടെ ഗുണനം, ഒരു നാലക്ക സംഖ്യയിൽ നിന്ന് നാലക്കസംഖ്യ, മൂന്നക്ക സംഖ്യ, രണ്ടക്ക, ഒരക്ക സംഖ്യ എന്നിവ കുറയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. ഇതുപോലെ മൂന്നക്ക സംഖ്യയിൽ നിന്നും രണ്ടക്ക സംഖ്യയിൽ നിന്നും കുറയ്ക്കൽ. | 11 മാസം | ഐ.സി.ടി ഗണിതകിറ്റ് ഗണിതലാബ് | |
| | സംഖ്യകൾ എഴുതാനും വായിക്കാനും കൂട്ടുന്നതിനും പുനക്രമീകരണം നടത്തി ഫലങ്ങൾ കണ്ടെത്തുക, പാറ്റേൺ, മാന്ത്രിക ചതുരം, സംഖ്യാചക്രം, കരുനീക്കി കളി എന്നിവ ചെയ്യുന്നു.<br>തുല്യമായി വീതിക്കേണ്ട സന്ദർഭങ്ങൾ ഒരുക്കുന്നു.<br>രണ്ടക്കം : ഒരക്കം, മൂന്നക്കം: ഒരക്കം എന്നിവ പരിചയപ്പെടുത്തുന്നു. | | | |
| നീളം, ഭാരം, ഉള്ളളവ് എന്നിവയുടെ അംഗീകൃത യൂണിറ്റുകളുടെ ധാരണ ഉറപ്പിക്കും. | ഊഹം, അളക്കൽ, സൂക്ഷ്മതയോടെ, കൃത്യതയോടെ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | 4 മാസം | ഐ.സി.ടി ഗണിതകിറ്റ് ഗണിതലാബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ (മാത്ത്സ്) | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭിന്നസംഖ്യ ഉറപ്പിക്കും, പകുതി, അരക്കാൽ,മുക്കാൽ $1/2, 1/4, 3/4$ ആശയം ഉറപ്പിക്കും. | ഒരു വസ്തുവിനെ നിശ്ചിത എണ്ണം വസ്തുക്കളെ പകുതിയാക്കൽ, ചതുരം, വട്ടം പകുതിയാക്കൽ, നിറം നൽകൽ, നിറം നൽകിയതിൽ നിന്നും തിരിച്ചറിയൽ, വിവിധ രൂപങ്ങളിൽ നിന്നും $1/2$ , $1/4$ , $3/4$ ഭാഗിക്കൽ, നിറം നൽകൽ | | BRC<br>PTA<br>Teachers | |
| ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പറയാനും കലണ്ടർ നോക്കി ആവശ്യമായ വിവരങ്ങൾ കണ്ടെത്താനുമുള്ള കഴിവ് നേടും. | ക്ലോക്ക്, വാച്ച് നോക്കി സമയം പറയൽ, മിനിട്ടും സെക്കന്റും മണിക്കൂറുമായുള്ള ബന്ധം വിശദീകരിക്കുക, ക്ലോക്ക് നിർമാണം-, am,pm,24 മണിക്കർ ക്ലോക്ക് സമയം 12 മണിക്കൂറിലാക്കൽ | 4 മാസം | ഐ.സി.ടി<br>ഗണിതകിറ്റ്<br>ഗണിതലാബ് | |
| ജ്യാമിതീയരൂപങ്ങൾ സവിശേഷതകൾ ഉൾകൊണ്ട് വരയ്ക്കാനും അളക്കാനും, ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ, പാറ്റേൺ എന്നിവ ചെയ്യു അതിനുമുള്ള കഴിവ് ഉറപ്പിക്കും | കമ്പ്, തീപ്പെട്ടിക്കമ്പ്, കാർഡ് കൊണ്ട് ചതുരം, ത്രികോണം2 മാസം നിർമ്മാണം, അളക്കൽ, ചുറ്റളവ് കാണൽ, ചുറ്റുപാടുള്ളവയിൽ നിന്ന് രൂപങ്ങൾ തിരിച്ചറിയൽ | 2 മാസം | ഐ.സി.ടി<br>ഗണിതകിറ്റ്<br>ഗണിതലാബ് | |

# Academic-Plan (ENGLISH)

| | Aims | Activities | | Duration | Supporting |
|---|---|---|---|---|---|
| 1 | Listening<br>To increase the listening skill of children | -Teachers talk in English<br>-Tells a story in class<br><br>-Display CD's (Visuals with audio)<br><br>-Give chance to hear songs, rhyms and stories with correct pronunciation | Storybords<br><br>Different CD's (rhymes,storis)<br><br>Books, CD's | 10 month<br><br>6 months<br><br>8 months | OSA<br>BRC<br>PTA<br>MLA Fund... |
| | Speaking<br>To increase the skill of reading | -Encourage the students to interact in English. | Daily | | PTA |

| Aims | Activities | | Duration | Supporting |
|---|---|---|---|---|
| | - Name the pictures | | 6 months | |
| | - Say simple sentences about objects & pictures. | Pictures<br>Worksheet<br>Objects | 8 months | Teachers |
| | - Give chance to make riddles about familiar objects. | Objects | 4 months | PTA<br>OSA<br>BRC |
| | - Sing songs with correct pronunciation. | CD's | 10 months | |
| | - Help to form the conversations in different situations with the help of teachers | Masks | 10 months | |

| | Aims | Activities | | Duration | Supporting |
|---|---|---|---|---|---|
| | | -Acts the conversations as a role play.<br><br>-Describe the situations | | | |
| | | -Read five new words (nouns & actions)<br><br>-Match pictures & word cards and read it<br><br>-Arrange the jumpled letters and read<br><br>-read simple sentences<br><br>-Arrange the word cards in the correct order<br><br>-read with correct pronunciation | Dictionary<br><br>picture card<br>wordcard<br>letters<br>letters<br><br>sentence card | 4 months<br><br>3 months<br><br>6 months<br><br>6 months | PTA<br><br>OSA<br><br>DIET |

| | Aims | Activities | | Duration | Supporting |
|---|---|---|---|---|---|
| | | -Read textbook daily<br>-Read a library book in a week | Library books<br>newspaper<br>pictures<br>objects<br>chart<br>sketch<br>marker<br>worksheet<br>printer | 6 months<br>daily<br>10 months. | |
| 4 | Sentences, descriptions correctly. | -Write new words.<br>-Fill up the missing letters<br>-Arrange the jumbled letters.<br>-Write simple sentences about objects, pictures.<br>-Write 3 or 4 lines to the given poem.<br>-Making Story books | Word card<br>letters<br>pictures<br>objects<br>chart | 4 months.<br>4 months.<br>6 months.<br>4 months | PTA<br>OSA<br>DIET |

| Aims | Activities | | Duration | Supporting |
|---|---|---|---|---|
| | -Write the correct word to complete the conversation. | Worksheet | 4 months, | Teachers |
| | -Write the missing dialogues to complete the given conversation. | worksheet | 6 months, | |
| | -Write Simple conversation based on different context. | worksheet | 8 months, | |
| | -Write simple sentences based on the pictures. | pictures | 4 months, | OSA , PTA , BRC |
| | -Write a simple description about the object or pictures. | workshop. | 10 months, | |
| | -Describe a Scene with the help of teacher. | Cds.Object, pictures, worksheet. | 10 months. | |
| | -Write Notices thoughts. With the help of teachers. | Chart marker | | |
| | -Write notices, thoughts, description, conversation individually. | Pictures. | One year. | |

# പരിസരപഠനം

| | പ്രോഗ്രാം | പ്രവർത്തനങ്ങൾ (പരിസരപഠനം) | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| | കുട്ടിയിൽ മികച്ച നിരീക്ഷണപാടവം വളർത്തൽ | ഫീൽഡ്ട്രിപ്പ്, ചിത്രനിരീക്ഷണം | 3 മാസം | ICT | CRC, PTA |
| | അപഗ്രഥിക്കാനും പട്ടികപ്പെടുത്താനുമുള്ള കഴിവുനേടൽ | സർവ്വേ, ചിത്രനിരീക്ഷണം, പ്രോജക്ട്, വിവരശേഖരണം, മേനിപറച്ചിൽ | 2 മാസം | ഫീൽഡ്ട്രിപ്പ് | BRC |
| | ലഘു പരീക്ഷണങ്ങളിലേർപ്പെടൽ | ഉപകരണങ്ങൾ കൈകാര്യം ചെയ്ത് പരീക്ഷണങ്ങൾ നടത്തൽ, ശേഖരണം | 5 മാസം | സയൻസ് ലാബ് | ജനപ്രതിനിധി |
| | സ്വാതന്ത്ര്യസമര നേതാക്കളെ പരിചയപ്പെടൽ, ദേശീയ ചിഹ്നങ്ങൾ പരിചയപ്പെടൽ | വിവരശേഖരണം, കൊളാഷ് നിർമ്മാണം, ആശയ ഭൂപട നിർമ്മാണം, പദപ്രശ്ന നിർമ്മാണം, സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടൽ | 2 മാസം | ICT | DIET Teachers SSG OSA |
| | പക്ഷി ലോകത്തെ വൈവിധ്യം ആസ്വദിക്കാൻ കഴിയൽ | ഫീൽഡ്ട്രിപ്പ്, ചിത്രവായന | 2 മാസം | ICT | |
| | കേരളം, ഇന്ത്യ ഭൂപടം പരിചയപ്പെടൽ, ആഘോഷങ്ങൾ, കലാരൂപങ്ങൾ പരിചയപ്പെടൽ | ഭൂപടവായന, വിശദീകരണം | 4 മാസം | ICT | |

# കലാകായികം

| | | | സമയം | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| | കലാകായികം പ്രവർത്തനങ്ങൾ പരി പോഷിപ്പിക്കൽ | വിവിധ കായികപരിപാടികൾ അവതരിപ്പിക്കൽ | / വർഷം | കളിസ്ഥലം | പഞ്ചായത്ത് BRC DIET PTA OSA |
| | | Zumba Dance | | ഗ്രൗണ്ട് വികസനം | |
| | പ്രവൃത്തിപരിചയപരിശീലനം | ബോധവൽക്കരണ ക്ലാസ്സ് | 1 വർഷം | | |
| | | യോഗപരിശീലനം മാസ്ഡ്രിൽ സംഗീതക്ലാസ് നൃത്തപരിശീലനം ബാലസഭ വിദ്യാരംഗം നാടകക്കളരി | | പാർക്ക് | |
| | | വിവിധതരം വസ്തുക്കളുടെ നിർമ്മാണം | 6 മാസം | | |

## ഉപസംഹാരം

അക്ഷരജ്ഞാനം, വായനപരിപോഷണം, കമ്പ്യൂട്ടർ പരിശീലനം, പോഷകാഹാരം, ശിശുസൗഹൃദ ക്ലാസ് , വിദ്യാലയ പരിസരം ശുചിത്വപൂർണ്ണമാക്കൽ, ഗണിത ലാബ്, ലൈബ്രറി എന്നിവയുടെ നവീകരണം തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള സമഗ്രഗുണമേന്മ വിദ്യാലയ വികസനപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പി.ടി.എ. ഒ.എസ്.എ, അധ്യാപകർ, പഞ്ചായത്ത് എന്നിവരുടെ കൂട്ടായ്മ ഈ വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാലയത്തിന്റെ സമഗ്രവികസന ത്തിനും ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഉല്ലാസഗണിതം, ഗണിത വിജയം, മലയാളത്തിളക്കം എന്നീ SSK യുടെ പദ്ധതി കളും വിദ്യാലയ പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിപോരുന്നു.